# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2395.**

**07-10-2016 ൽ മറുപടിയ്ക്ക്**

## നെൽകൃഷി

**ചോദ്യം**
ശ്രീ.എ.പി. അനിൽ കുമാർ
,, ഐ.സി.ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, എൽദോസ് കുന്നപ്പിള്ളി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തരിശ്ശിട്ട നെൽപാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ സ്ഥലത്താണ് നെൽകൃഷി പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് 5264.68 ഏക്കർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ചമ്പക്കുളം-കൈനകരി റാണികായലിൽ പുല്ലച്ചിറ 530.5 ഏക്കർ, കോട്ടയം ജില്ലയിലെ മെത്രാൻ കായലിൽ 400 ഏക്കർ, പത്തനംതിട്ട ജില്ലയിലെ ആറന്മുള പാടശേഖരം 140 ഏക്കർ ഉൾപ്പെടെ 1250 ഏക്കർ, കോഴിക്കോട് ജില്ലയിൽ 1075 ഏക്കർ, വയനാട് ജില്ലയിൽ 272.5 ഏക്കർ, മലപ്പുറം ജില്ലയിൽ 625 ഏക്കർ, തൃശ്ശൂർ ജില്ലയിൽ 1111.68 ഏക്കർ, കോഴിക്കോട് ജില്ലയിൽ ആവളപാണ്ടി 307 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗ മിച്ചുവരുന്നു. |
| (ബി) | കൃഷിക്ക് അനുയോജ്യമായിട്ടുള്ള നെൽപ്പാടങ്ങൾ കണ്ടെത്തിയിട്ടുണ്ടോ? | (ബി) | തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിന് അനുയോജ്യമായ നെൽപാടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിനു പുറമെ കൃഷി യോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ